ഡിഎൽഡ് പരീക്ഷാ വിജ്ഞാപനം

തിരുവനന്തപുരം

ഡിഎൽഡ് ഭാഷാ വിഷയങ്ങൾ (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) 2021–23 ബാച്ചിന്റെ മൂന്നാം സെമസ്റ്ററിന്റെയും 2022–2024 ബാച്ചിന്റെ ഒന്നാം സെമസ്റ്ററിന്റെയും ഒന്നും മൂന്നും സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെയും വിജ്ഞാപനം http: pareekshabhavan.kerala.in ൽ പ്രസിദ്ധീകരിച്ചു.

എൻടിഇസി പരീക്ഷ വിജ്ഞാപനമായി

തിരുവനന്തപുരം

നഴ്സറി ടീച്ചേഴ്സ് എഡ്യൂക്കേഷൻ കോഴ്സ് (എൻടിഇസി) 2023ൽ നടത്തുന്ന ഒന്നും രണ്ടും വർഷ പരീക്ഷയുടെ വിജ്ഞാപനം www.kerala pareekshabhavan.in. http: pareekshabhavan.kerala.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണം: നഷ്ടപരിഹാരം വേഗത്തിലാക്കണം

കോട്ടയം

വന്യജീവി ആക്രമണങ്ങളുടെ നഷ്ടപരിഹാരത്തുകയ്ക്കായി കർഷകർ നൽകിയ മുഴുവൻ അപേക്ഷകളും ഉടൻ തീർപ്പാക്കി വേഗത്തിൽ പണം അനുവദിക്കണമെന്ന് കർഷക യൂണിയൻ എം സംസ്ഥാന നേതൃയോഗം ആവശ്യപ്പെട്ടു. 2021 ജൂൺ മുതലുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അഞ്ചുവർഷത്തിനിടയിൽ ഏഴായിരത്തോളം ആളുകൾക്കാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റത്. കോടിക്കണക്കിന് രൂപയുടെ നാശമുണ്ടായി. കർഷകരുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ പ്രത്യേക സംവിധാനമേർപ്പെടുത്തണമെന്നും യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് റെജി കുന്നങ്കോട് അധ്യക്ഷനായി. ഫിലിപ്പ് കുഴികുളം, കെ പി ജോസഫ്, ഡാന്റീസ് കൂനാനിക്കൽ, ഇസഡ് ജേക്കബ്, മത്തച്ചൻ പ്ലാത്തോട്ടം, ജോസ് നിലപ്പന, സേവ്യർ കളരിമുറി, ജയിംസ് മാരൂർ, ജോസ് നിലപ്പനക്കൊല്ലി എന്നിവർ സംസാരിച്ചു.

ധനകോടി എംഡി സെബാസ്റ്റ്യൻ പൊലീസിൽ കീഴടങ്ങി

ബത്തേരി

അടച്ചുപൂട്ടിയ ധനകോടി ചിറ്റ് സിന്റെ മാനേജിങ് ഡയറക്ടർ പൊലീസിൽ കീഴടങ്ങി. മാനന്തവാടി ചെറുകാട്ടൂർ സ്വദേശി സെബാസ്റ്റ്യനാണ് ബത്തേരി പൊലീസിൽ കീഴടങ്ങിയത്. ധനകോടി നിധിയുടെയും മാനേജിങ് ഡയറക്ടറാണ് സജി എന്ന സെബാസ്റ്റ്യൻ. ഇടപാടുകാരുടെ 22 കോടിയോളം രൂപ തിരിച്ചുകൊടുക്കാതെയാണ് സ്ഥാപനത്തിന്റെ ബത്തേരിയിലെ ഹെഡ് ഓഫീസും മറ്റിടങ്ങളിലുള്ള 22 ബ്രാഞ്ച് ഓഫീസുകളും അടച്ചുപൂട്ടിയത്. പണം നഷ്ടമായ നിരവധി പേരാണ് പൊലീസിൽ പരാതി നൽകിയത്. 2007ൽ ബത്തേരി കേന്ദ്രമായി ആരംഭിച്ച ധനകോടി ചിറ്റ്സിലും 2018ൽ ആരംഭിച്ച ധനകോടി നിധിയിലും മലബാറിലെ വിവിധ ജില്ലകളിൽനിന്നുള്ളവർ പണം നിക്ഷേപിക്കുകയും വരിക്കാരായി ചേരുകയും ചെയ്തിട്ടുണ്ട്.

ഹൃദ്രോഗ വിദഗ്ധരുടെ സമ്മേളനം

കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ശാഖയുടെ സമ്മേളനം ഡോ. പ്രഭാ നിനി ഗുപ്ത ഉദ്ഘാടനം ചെയ്യുന്നു

കോട്ടയം

ഹൃദ്രോഗ വിദഗ്ധരുടെ സംഘടനയായ കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ശാഖയുടെ(സിഎസ്ഐകെ) ശാസ്ത്ര സമ്മേളനം കുമരകം സൂരി റിസോർട്ടിൽ പ്രസിഡന്റ് ഡോ. പ്രഭാ നിനി ഗുപ്ത ഉദ്ഘാടനം ചെയ്തു. ഹൃദയാഘാതം ഉൾപ്പെടെയുള്ള ഹൃദ്രോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ കത്തീറ്റർ വഴിയുള്ള ചികിത്സ സംസ്ഥാനത്ത് മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാൻ കർമപദ്ധതി ഉണ്ടാകണമെന്ന് ഡോ. പ്രഭാ നിനി പറഞ്ഞു.

സംസ്ഥാനത്ത് 125ലധികം കാത്ത്‌ലാബുകൾ ഉണ്ടെന്നും ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണെന്നും ഓർഗനൈസിങ് സെക്രട്ടറി ഡോ. ജിത്തു സാം രാജൻ പറഞ്ഞു. കേരളത്തിലെ 70 ശതമാനം ജനങ്ങൾക്കും അരമണിക്കൂറിനുള്ളിലും 22ശതമാനം പേർക്ക് ഒരു മണിക്കൂറിനുള്ളിലും ഹൃദ്രോഗ ചികിത്സാ കേന്ദ്രങ്ങളിൽ എത്താൻ കഴിയും. വിദൂര പ്രദേശങ്ങളിലെ എട്ട് ശതമാനം ജനങ്ങൾക്കും സമയബന്ധിതമായ ചികിത്സ ഉറപ്പുവരുത്താനുള്ള ശ്രമം നടക്കുന്നതായും അദ്ദേഹം പറഞ്ഞു.

എയർ കമഡോർ ഡോ. ഡി എസ് ചദ്ദ മുഖ്യപ്രഭാഷണം നടത്തി. ഡോ. എസ് ശിവശങ്കരൻ, വൈസ് പ്രസിഡന്റ് ഡോ. പി ബി ജയഗോപാൽ, സെക്രട്ടറി ഡോ. സ്റ്റിജി ജോസഫ്, ഓർഗനൈസിങ് ചെയർമാൻ ഡോ. ദീപക് ഡേവിഡ്സൺ, ട്രഷറർ ഡോ. ജെയിംസ് തോമസ് എന്നിവരും സംസാരിച്ചു.

ഇന്റർവെൻഷണൽ കാർഡിയോളജിയിലെ നൂതന ചികിത്സാ രീതികൾ, പ്രൈമറി ആൻജിയോപ്ലാസ്റ്റിയിലെ മുന്നേറ്റങ്ങൾ, രക്തയോട്ടം പുനഃസ്ഥാപിക്കുന്ന രീതികൾ, ശ്വാസകോശത്തിലേക്കുള്ള രക്തവിതരണ തടസ്സം നീക്കം ചെയ്യൽ എന്നിവ ചർച്ച ചെയ്തു.

ഇരുപത്തിനാല് സിമ്പോസിയങ്ങളാണ് രണ്ട് ദിവസങ്ങളിലായി നടന്നത്. മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധരും അധ്യാപകരും ഗവേഷകരും പങ്കെടുത്തു.

ലക്ഷം യാത്രികർ പിന്നിട്ട് ജലമെട്രോ

സ്വന്തം ലേഖകൻ

കൊച്ചി

ആദ്യ 12 ദിവസത്തിനുള്ളിൽ യാത്രികരുടെ എണ്ണം ലക്ഷം പിന്നിട്ട് കൊച്ചിയുടെ സ്വന്തം ജലമെട്രോ. കഴിഞ്ഞമാസം 26ന് ഹൈക്കോടതി–വൈപ്പിൻ റൂട്ടിലും 27ന് വൈറ്റില– കാക്കനാട് റൂട്ടിലും സർവീസ് ആരംഭിച്ച ജലമെട്രോയിൽ യാത്ര ആസ്വദിക്കാനെത്തുന്നവരുടെ എണ്ണത്തിൽ ഓരോദിവസവും വൻ വർധനയാണ് ഉണ്ടാകുന്നത്. ശനിയാഴ്ച സർവീസ് അവസാനിക്കുമ്പോൾ ആകെ യാത്രികരുടെ എണ്ണം 98,359 ആയിരുന്നു. ഞായർ വൈകിട്ട് അഞ്ചുവരെ യാത്രികരുടെ എണ്ണം 1,06,528.

വൈറ്റിലയിൽനിന്ന് എരൂർ ലേബർ കോർണർ പാലത്തിനു താഴെക്കൂടി കാക്കനാട് ടെർമിനലിലേക്ക് പോകുന്ന ജലമെട്രോ ബോട്ട്

രണ്ടു റൂട്ടുകളിലായി 9000 യാത്രികർ ജലമെട്രോയിൽ യാത്ര ചെയ്യുന്നുണ്ടെന്നാണ് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡിന്റെ (കെഡബ്ല്യുഎംഎൽ) കണക്ക്. നിലവിലെ ശേഷിയിൽ ജലമെട്രോയ്ക്ക് കൈകാര്യം ചെയ്യാവുന്നതിന്റെ പരമാവധിയാണിത്. രണ്ടുലക്ഷം രൂപയ്ക്കുമുകളിലാണ് പ്രതിദിന വരുമാനം. തിരക്ക് അനിയന്ത്രിതമാകുമ്പോൾ നിശ്ചിത ഷെഡ്യൂളിനുപുറമെ പ്രത്യേക സർവീസുകൂടി നടത്തുന്നുണ്ട്. എന്നിട്ടും ഇരട്ടിയിലേറെപ്പേർ ജലമെട്രോ ടിക്കറ്റ് കിട്ടാതെ മടങ്ങുന്നുണ്ട്.

തിരക്ക് വർധിച്ചതോടെ വൈറ്റില–കാക്കനാട് റൂട്ടിൽ സർവീസ് ഇരട്ടിയാക്കി. രാവിലെയും വൈകിട്ടും മൂന്നുവീതം സർവീസുകളാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. വ്യാഴാഴ്ചമുതൽ ട്രിപ്പുകളുടെ എണ്ണം രാവിലെയും വൈകിട്ടും ആറുവീതമാക്കി. ഹൈക്കോടതി–വൈപ്പിൻ റൂട്ടിൽ രാവിലെ ഏഴുമുതൽ രാത്രി എട്ടുവരെ 15 മിനിറ്റ് ഇടവേളയിൽ സർവീസുണ്ട്. ദേശീയ–അന്തർദേശീയ തലത്തിൽ ജലമെട്രോയ്ക്ക് ലഭിക്കുന്ന പെരുമ വരുംനാളുകളിലും യാത്രികരുടെ എണ്ണം വൻതോതിൽ വർധിക്കാനിടയാക്കും. ജലമെട്രോ യാത്രാനുഭവങ്ങൾ വ്‌ലോഗുകളിലൂടെ തത്സമയം സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നത് ജനപ്രീതിക്ക് കാരണമാണ്. സിനിമാ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ യാത്രാവീഡിയോകൾ സമൂഹമാധ്യമങ്ങളിൽ പങ്കിടുന്നു.

ജലമെട്രോയ്ക്ക് ലഭിച്ച സ്വീകാര്യത കണക്കിലെടുത്ത് കൂടുതൽ ബോട്ടുകളും ടെർമിനലുകളും വൈകാതെ പദ്ധതിയുടെ ഭാഗമാക്കാനുള്ള ശ്രമത്തിലാണ് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ്. എട്ട് ബോട്ടുകളാണ് നിലവിൽ സർവീസിനുള്ളത്. അടുത്തമാസം രണ്ട് ബോട്ടുകൾകൂടി കൊച്ചി കപ്പൽശാല കൈമാറിയേക്കും. സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകളുടെ നിർമാണം പൂർത്തിയായി. വൈറ്റിലയ്ക്കും കാക്കനാടിനുമിടയിൽ എരൂർ ടെർമിനൽ നിർമാണത്തിനുള്ള സ്ഥലം കണ്ടെത്തി ടെൻഡർ നടപടികളിലേക്ക് കടന്നു.

ലഹരി: സിനിമാസെറ്റിൽ ഇനി ഷാഡോ പൊലീസും

കൊച്ചി

സിനിമാസെറ്റുകളിൽ ലഹരി ഉപയോഗം കണ്ടെത്താൻ ഇനി പൊലീസ്. ഷൂട്ടിങ് സെറ്റുകളിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ ഷാഡോ പൊലീസിനെ നിയോഗിക്കുമെന്ന് കൊച്ചി സിറ്റി പൊലീസ് കമീഷണർ കെ സേതുരാമൻ മാധ്യമങ്ങളോട് പറഞ്ഞു. മഫ്തിയിലും പൊലീസുണ്ടാകും. സെറ്റുകളിൽ പൊലീസ് പരിശോധന നടത്തും. ഷൂട്ടിങ് തടസ്സമുണ്ടാകാത്തവിധത്തിലായിരിക്കും പരിശോധന. എക്സൈസും പരിശോധനയ്ക്കുണ്ടാകും. ലഹരി ഉപയോഗിക്കുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരും. ആവശ്യമെങ്കിൽ, വെളിപ്പെടുത്തലുകൾ നടത്തിയവരുടെ മൊഴി രേഖപ്പെടുത്തും.

ഈ വിഷയത്തിൽ സിനിമാപ്രവർത്തകരിൽനിന്നുണ്ടായ വെളിപ്പെടുത്തലുകൾ സ്വാഗതാർഹമാണ്. പരാതികൾ ലഭിച്ചിട്ടില്ല. കഴിഞ്ഞദിവസം പൊലീസ് പ്രത്യേകയോഗം ചേർന്നിരുന്നു. സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം തുടങ്ങിയതായും കമീഷണർ പറഞ്ഞു. ചലച്ചിത്രരംഗത്തെ ലഹരി ഉപയോഗ വിവരങ്ങൾ എക്സൈസും ശേഖരിച്ചുതുടങ്ങി.

ഹജ്ജ്: തുക 15നകം അടയ്ക്കണം

കരിപ്പൂർ

ഈവർഷം ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർ ബാക്കി തുക 15നകം അടയ്ക്കണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ് അറിയിച്ചു. ഓരോ കവറിലെയും അപേക്ഷകരുടെ പുറപ്പെടൽകേന്ദ്രം അടിസ്ഥാനത്തിലാണ് ബാക്കി തുക അടയ്ക്കേണ്ടത്. കവർ നമ്പർ ഉപയോഗിച്ച് ഹജ്ജ് കമ്മിറ്റി വെബ്സൈറ്റിൽ പരിശോധിച്ചാൽ വിവരം ലഭിക്കും.

ഇനി അടയ്ക്കാനുള്ള തുക: (ഒരാൾക്ക്) കരിപ്പൂർ: 1,01,513, നെടുമ്പാശേരി: 1,02,167, കണ്ണൂർ: 1,03,706. അപേക്ഷാഫോമിൽ ബലികർമത്തിനുള്ള കൂപ്പൺ ആവശ്യപ്പെട്ടവർ 16,344 രൂപകൂടി അടയ്ക്കണം.

ഇ എം എസ് ജന്മദിനാചരണം സെമിനാർ ജൂൺ 13, 14 തീയതികളിൽ

പാലക്കാട്

ഇ എം എസിന്റെ ജന്മദിനാചരണവുമായി ബന്ധപ്പെട്ട് ജൂൺ 13, 14 തീയതികളിൽ പട്ടാമ്പിയിലും, പാലക്കാടും ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. കുഞ്ഞിരാമൻ മാസ്റ്റർ പഠന കേന്ദ്രം 'ഇ എം എസിന്റെ ദാർശനിക ലോകം–സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും ഐക്യം' എന്ന പൊതു ശീർഷകത്തിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

ഇ എം എസിന്റെ ജന്മദിനമായ 13ന് പട്ടാമ്പിയിൽ സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി സെമിനാർ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ അധ്യക്ഷനാകും.

ജൂൺ 14ന് പാലക്കാട് നടക്കുന്ന സെമിനാർ സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്യും. കേന്ദ്രകമ്മിറ്റിയംഗം എ കെ ബാലൻ അധ്യക്ഷനാകും. 600 സ്ഥിരം പ്രതിനിധികൾ രണ്ട് ദിവസങ്ങളിലായുള്ള സെമിനാറിൽ പങ്കാളികളാകും.

ദേശീയ സെമിനാർ വിജയിപ്പിക്കുന്നതിനുള്ള സംഘാടക സമിതി രൂപീകരണ യോഗം തിങ്കളാഴ്ച ചേരും. സിപിഐ എം പാലക്കാട് ഏരിയ കമ്മിറ്റി ഓഫീസിലെ ശിവദാസമേനോൻ സ്മാരക ഹാളിൽ വൈകിട്ട് അഞ്ചിനാണ് യോഗം.

ഇന്ന് മലപ്പുറത്ത്

മത്സ്യ അനുബന്ധ തൊഴിലാളികളുടെ ജാഥ തുടരുന്നു

കോഴിക്കോട്

വിവിധ ആവശ്യങ്ങളുന്നയിച്ച് മത്സ്യഅനുബന്ധ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നടത്തുന്ന വാഹന പ്രചാരണ ജാഥയുടെ പര്യടനം ജില്ലയിൽ പൂർത്തിയായി. 19ന് നടത്തുന്ന രാജ്ഭവൻ മാർച്ചിന്റെ മുന്നോടിയായി സംസ്ഥാന സെക്രട്ടറി എ സഫറുള്ള നയിക്കുന്ന ജാഥ കാസർകോട്ടു നിന്നാണ് യാത്രയാരംഭിച്ചത്.

മത്സ്യ അനുബന്ധ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന അവകാശ സംരക്ഷണ ജാഥയുടെ കോഴിക്കോട് ജില്ലയിലെ സമാപനം ഡെപ്യൂട്ടി മേയർ സി പി മുസാഫിർ അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

വയനാട്ടിൽനിന്ന് ജില്ലയിൽ എത്തിയ ജാഥയ്ക്ക് നാദാപുരത്ത് ആദ്യ സ്വീകരണം നൽകി. വടകര, പേരാമ്പ്ര, കൊയിലാണ്ടി കൊല്ലം മാർക്കറ്റ്, പാലത്ത്, കുന്നമംഗലം എന്നിവിടങ്ങളിലെ സ്വീകരണശേഷം കോഴിക്കോട് സെൻട്രൽ മാർക്കറ്റിൽ സമാപിച്ചു. സമാപനം കെഎസ്കെടിയു ജില്ലാ സെക്രട്ടറി കെ കെ ദിനേശൻ ഉദ്ഘാടനം ചെയ്തു. വിവിധ കേന്ദ്രങ്ങളിൽ എ സഫറുള്ള, കെ കെ കലേശൻ, പനോളി മനോഹരൻ, സക്കീർ അലങ്കാരത്ത്, അലി എന്നിവർ സംസാരിച്ചു. ജാഥ തിങ്കളാഴ്ച മലപ്പുറം ജില്ലയിൽ പര്യടനം നടത്തും.

മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് പലിശരഹിത വായ്പ നൽകുക, കടലിനെ തീറെഴുതുന്ന കേന്ദ്രനയം തിരുത്തുക, ബ്ലൂ എക്കോണമി സാമ്പത്തികം അവസാനിപ്പിക്കുക, സീലിങ് ഷെഡ്യൂളെ തൊഴിലാളികൾക്ക് ഇഎസ്ഐ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് രാജ്ഭവൻ മാർച്ച്.

വിരമിച്ച ജീവനക്കാരുടെ സംഘടന രൂപീകരിച്ചു

റിട്ടയേർഡ് മെഡിക്കൽ ആൻഡ് സെയിൽസ് റപ്രസെന്റേറ്റീവ്സ് അസോസിയേഷൻ സംസ്ഥാന കൺവൻഷൻ കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു

കൊച്ചി

ഔഷധ ഔഷധേതര വിപണന രംഗത്ത് തൊഴിലെടുത്ത് വിരമിച്ചവർ ചേർന്ന് സംഘടന രൂപീകരിച്ചു. റിട്ടയേർഡ് മെഡിക്കൽ ആൻഡ് സെയിൽസ് റപ്രസെന്റേറ്റീവ്സ് അസോസിയേഷൻ എന്ന പേരിലാണ് സംഘടന രൂപീകരിച്ചത്. സംഘടനയുടെ പ്രഥമ സംസ്ഥാന കൺവൻഷൻ എറണാകുളത്ത് സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. കെ വേണുഗോപാൽ അധ്യക്ഷനായി. കല്ലറ മധു, കെ യു രാധാകൃഷ്ണൻ, പോൾ വർഗീസ്, മോഹൻ സി നായർ, കെ ഒ വിൻസെന്റ് എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: കെ വേണുഗോപാൽ (പ്രസിഡന്റ്), മോഹൻ സി നായർ (ജനറൽ സെക്രട്ടറി), കെ ഒ വിൻസെന്റ് (ട്രഷറർ), പോൾ വർഗീസ്, കല്ലറ മധു, കെ യു രാധാകൃഷ്ണൻ (വൈസ് പ്രസിഡന്റുമാർ), മോഹൻദാസ്, ജേക്കബ് ചെറിയാൻ, വേണുഗോപാൽ രാജ (സെക്രട്ടറിമാർ).

Urgent vacancy
(fresher's നും അപേക്ഷിക്കാം)
സ്വന്തം ജില്ലയിൽ ജോലി നേടാൻ അവസരം
Sslc. +2. degree.
Salary 26500. below 26
9074452471

Fresher's ന് അവസരം
ജില്ലാടിസ്ഥാനത്തിൽ സ്ഥിരം നിയമനം (Below 25) ഭക്ഷണം, താമസം. Leadies & gents
(20000 - 30000)
7034163968

മുൻപരിചയം ആവശ്യമില്ല
കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സ്ഥിരനിയമനം. Below: 26
75 10 65 09 01

ASSET GROUP
(28 below)
All Districts Vacancies
10th, Degree, Diploma,
(18,500–22,500)
95 62 98 08 11

Freshers ന് അവസരം
Asset ൽ ജില്ലാടിസ്ഥാനത്തിൽ സ്ഥിരനിയമനം 10th above below 28, 23500–29800
81 37 88 59 32

മദ്യപാനം
പൂർണമായും നിർത്താൻ
7 ദിവസത്തിനുള്ളിൽ ഫലം കണ്ട് തുടങ്ങും. അറിഞ്ഞും അറിയാതെയും കൊടുക്കാം. പാർശ്വഫലങ്ങൾ ഒന്നും തന്നെയില്ല. നേരിട്ടെത്തിക്കുന്നു.
പ്രകൃതി ആയുർവേദിക്സ്
ഡോക്ടറോട് സംസാരിക്കാം
Mob: 7025188663

പണയ സ്വർണ്ണം
ബാങ്കിൽ പണയം വെച്ച സ്വർണ്ണം ഉയർന്ന വിലക്ക് എടുക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസ്
കേരള ഗോൾഡ്
9895 200 571

ഇന്ത്യൻ റയിൽവേ
റെയിൽ ടൂറിസം യാത്ര
ഹംപി-മൈസൂർ-ഹൈദരാബാദ്-ഔരംഗബാദ്-മുംബൈ-ഗോവ
മെയ് 15
Rs.25350/-
ട്രാവൽ ടൈംസ്
8956500600
Railtourism.com

വനിതകൾക്കായി
ഉടൻ ജോലി
ഉയർന്ന ശമ്പളം
മോണ്ടിസോറി
അധ്യാപന ഡിപ്ലോമ.
പ്രായപരിധിയില്ല.
NCDC. Ph: 9846808283

പണയ സ്വർണ്ണം
പണയംവെച്ച സ്വർണ്ണം കമ്മീഷനില്ലാതെ മാർക്കറ്റ് വിലക്ക് എടുക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസ്.
റോയൽ ഗോൾഡ്
9048 917 916

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു
മേഘ ജ്വല്ലറി
8714218899

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ പണയസ്വർണ്ണം ഉയർന്ന വിലക്ക് തിരിച്ചെടുക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസുകൾ
വിഷ്ണു ജ്വല്ലറി
9995 931 128

പണയ സ്വർണ്ണം ഉയർന്ന വിലയ്ക്ക്
കമ്മീഷനില്ലാതെ പണയത്തിലുള്ള സ്വർണ്ണം വീണ്ടെടുത്ത് വിൽക്കുവാൻ സഹായിക്കുന്നു
ജില്ലകളിലെല്ലാം സർവ്വീസ്
ഫെയ്മസ് ഗോൾഡ്
9895 84 20 84

കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം.. സുതാര്യം.. ജനകീയം
visit:www.statelottery.kerala.gov.in, www.keralalotteries.com

AKSHAYA AK-598 DRAW RESULT 07/05/2023 ഗോർഖി ഭവൻ തിരുവനന്തപുരം

ഒന്നാം സമ്മാനം ₹70 ലക്ഷം — AT 317545 (ചിറ്റൂർ)

സമാശ്വാസ സമ്മാനം ₹8000 — AN 317545 AO 317545 AP 317545 AR 317545 AS 317545 AU 317545 AV 317545 AW 317545 AX 317545 AY 317545 AZ 317545

രണ്ടാം സമ്മാനം ₹5 ലക്ഷം — AW 309776 (ഇരിഞ്ഞാലക്കുട)

മൂന്നാം സമ്മാനം ₹1 ലക്ഷം

AN 445056 (കാസർകോട്)	AO 120250 (കട്ടപ്പന)	AP 666333 (മാനന്തവാടി)	AR 270045 (ഗുരുവായൂർ)
AS 147433 (എറണാകുളം)	AT 217480 (പാലക്കാട്)	AU 142052 (കോട്ടയം)	AV 929786 (ഇരിഞ്ഞാലക്കുട)
AW 496446 (ഇരിഞ്ഞാലക്കുട)	AX 391530 (വയനാട്)	AY 443720 (തിരുവനന്തപുരം)	AZ 850866 (മലപ്പുറം)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000
0095 0558 0604 0713 1192
1410 2523 2704 2771 2834
2849 3529 4444 5129 5931
6571 9581 9877

അഞ്ചാം സമ്മാനം ₹2000
2002 2025 3941 4815 5043 8203
9079

ആറാം സമ്മാനം ₹1000
0413 0656 1470 1549
1830 2076 2349 2407 2466 2724 2911 2975 3513 4115 4376
4954 5311 5676 5968 6102 6411 7241 8073 8217 8260 9442

ഏഴാം സമ്മാനം ₹500
0005 0239 0304 0931
0956 1155 1265 1376
1443 1461 1579 1779 1844 2100 2109 2113 2307 2864 3086
3371 3439 3524 3530 3667 3964 3991 4057 4067 4119 4300
4498 4803 4894 4901 5545 5799 5925 5945 5997 6104 6124
6183 6258 6532 6553 6812 7194 7735 7915 8060 8105 8130
8280 8309 8759 8787 8950 8970 8973 8986 9106 9450 9572
9580 9584 9688 9702 9792 9823 9868 9888 9913

എട്ടാം സമ്മാനം ₹100
0091 0145 0217 0272 0388 0456 0544 0745 0827 0859 0871
0883 0948 1072 1111 1269 1279 1306 1333 1344 1366 1406
1478 1547 1620 1770 1845 2338 2399 2453 2529 2645 2650
2680 2693 2713 2887 2904 2905 2979 3284 3330 3361 3534
3545 3596 3663 3669 3705 3781 3920 3947 3999 4220 4266
4532 4539 4540 4583 4587 4616 4806 4821 4826 4850 4869
4967 5246 5279 5297 5365 5379 5497 5522 5618 5861 5990
6125 6246 6249 6315 6451 6555 6658 6713 6784 6843 6851
6868 6879 7018 7022 7087 7110 7180 7216 7310 7465 7585
7890 7906 7980 8070 8220 8230 8299 8425 8487 8535 8536
8660 8789 9142 9230 9278 9332 9354 9454 9488 9491 9556
9777 9954

(ഒപ്പ്) മനോജ് പി., ജോയിന്റ് ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ തെളിയിച്ചോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 21/2023-24/PHC/KNR

അമ്പത്-2-തലശ്ശേരി- മുനിസിപ്പാലിറ്റി-കുടിവെള്ളപദ്ധതി-പൈപ്പ് ലൈൻ ദീർഘിപ്പിക്കലും. മാറ്റിസ്ഥാപിക്കലും, കുടിവെള്ള ടാപ്പ് കണക്ഷൻ നൽകലും -സോൺ K & T. നിരത്രദ്രവ്യം : RS. 200000. ടെണ്ടർ ഫീസ് : RS. 13010. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 29.05.2023 03:00 pm. ഫോൺ: 0497705902. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in.

ഒപ്പ്, സൂപ്രണ്ടിങ് എഞ്ചിനീയർ,
PH സർക്കിൾ, കണ്ണൂർ

KWA-JB-GL-6-207-2023-24

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 17/23-24/SE/PHC/PKD

അമ്പത് 2.0 -ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി -5 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി നിർമാണം, മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ, പമ്പിങ് മെയിൻ, വിതരണശൃംഖല, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ള കണക്ഷൻ നൽകൽ നിരത്രദ്രവ്യം : RS. 200000. ടെണ്ടർ ഫീസ് : RS. 11025. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 19.05.2023 03:00:pm. ഫോൺ : 04912544927. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in.

ഒപ്പ്, സൂപ്രണ്ടിങ് എഞ്ചിനീയർ,
PH സർക്കിൾ, പാലക്കാട്

KWA-JB-GL-6-206-2023-24

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 14/SE/PHC/TSR/2023-24

ജല ജീവൻ മിഷൻ -ഇരിഞ്ഞാലക്കുട - മുരിയാട് & വേളൂക്കര ശുദ്ധജലവിതരണ പദ്ധതി മാങ്ങാടിക്കുന്നിൽ 18 MLD ജലശുദ്ധീകരണ ശാല നിർമ്മിക്കുന്ന പ്രവൃത്തി. നിരത്രദ്രവ്യം : RS. 5,00,000/-. ടെണ്ടർ ഫീസ് : RS. 17,700/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 26.05.2023 03:00 pm. ഫോൺ : 04872423230. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in.

ഒപ്പ്, സൂപ്രണ്ടിങ് എഞ്ചിനീയർ,
PH സർക്കിൾ, തൃശ്ശൂർ

KWA-JB-GL-6-209-2023-24

**കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ